മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

CPAS - കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ - ബി.ടെക്ക് കോഴ്സ് (2015 അഡ്മിഷൻ) - ഗ്രേഡ് കാർഡുകൾ തയ്യാറാക്കുന്നത് - 8-ാം സെമസ്റ്റർ ഗ്രേഡ് കാർഡിൽ മാത്രം CGPA രേഖപ്പെടുത്തുന്നത്- അംഗീകരിച്ച്-ഉത്തരവു പുറപ്പെടുവിക്കുന്നു.

===========================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം.916/എIV/01/2019/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി:02.03.2019

===========================================================================

വായിക്കുക:-

1. 18.03.2014-ലെ സ.ഉ.നം.1438/AIV/1/Acad/2014.
2. 01.04.2016-ലെ സ.ഉ.നം.1920/AIV/1/Acad/2016.
3. 30.05.2018-ലെ സ.ഉ.നം.4344/AIV/1/2018/അക്കാദമിക്.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷനിലുണ്ടായിരുന്ന CPAS-നു കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക്ക് കോഴ്സ് (2015 അഡ്മിഷൻ മുതൽ) റെഗുലേഷൻ വ്യവസ്ഥകൾ പ്രകാരം SGPA, CGPA എന്നീ രണ്ടു ക്രെഡിറ്റ് സംവിധാനങ്ങളിലൂടെയാണ് വിദ്യാർത്ഥികളുടെ ഓരോ സെമസ്റ്ററിലേയും പഠന നിലവാരം രേഖപ്പെടുത്തുന്നത്. ടി റഗുലേഷൻ പ്രകാരം അഞ്ചാം സെമസ്റ്ററിലേക്കു ക്ലാസ്സ് കയറ്റം ലഭിക്കുന്നതിന് രണ്ടാം സെമസ്റ്ററിൽ മിനിമം 5.5 CGPA യും ഏഴാം സെമസ്റ്ററിലേക്കു ക്ലാസ്സ് കയറ്റം ലഭിക്കുന്നതിന് നാലാം സെമസ്റ്ററിൽ മിനിമം 5.5 CGPA യും നേടിയിരിക്കണമെന്ന് റൂൾ 17 ൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഓരോ സെമസ്റ്ററിന്റേയും ഗ്രേഡ് കാർഡിൽ SGPA യും അതുവരെ വിദ്യാർത്ഥി നേടിയ CGPA യും രേഖപ്പെടുത്തി നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ സെമസ്റ്ററിലേയും ഗ്രേഡുകാർഡുകളിൽ ഇത്തരത്തിൽ SGPA, CGPA എന്നിവ രേഖപ്പെടുത്തുന്നത് മൂലം സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്/ പുനഃമൂല്യനിർണ്ണയം എന്നിവയുടെ ഗ്രേഡുകൾ കൂടി രേഖപ്പെടുത്തേണ്ടിവരുമ്പോൾ പരീക്ഷാ ടാബുലേഷൻ പ്രക്രിയ വളരെ സങ്കീർണ്ണമാക്കപ്പെടുന്നുണ്ടെന്നും അതിനാൽ അവസാന സെമസ്റ്റർ ഗ്രേഡ്കാർഡിൽ മാത്രം SGPA യോടൊപ്പം CGPA യും കൂടി ചേർത്ത് ഗ്രേഡുകാർഡ് നൽകുന്ന വിഷയത്തിൽ പരീക്ഷാവിഭാഗം നിർദ്ദേശങ്ങൾ ആരായുകയുണ്ടായി.

സൂചന (1) ഉത്തരവ് പ്രകാരം 2010 അഡ്മിഷൻ മുതലുള്ള ബി.ടെക്ക് ബാച്ചുകൾക്കും സൂചന (2), (3) ഉത്തരവുകൾ പ്രകാരം യഥാക്രമം ബി.ആർക്ക്, തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ എം.ടെക്ക് വിദ്യാർത്ഥികൾ എന്നിവർക്കും അതത് റഗുലേഷൻ വ്യവസ്ഥകളിൽ ഇളവു നൽകി അവസാന സെമസ്റ്റർ ഗ്രേഡ് കാർഡുകളിൽ മാത്രം CGPA രേഖപ്പെടുത്തുന്നതിന് ഉത്തരവായിരുന്നു. സമാന രീതിയിൽ തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക്ക് കോഴ്സിന്റെ ഗ്രേഡ് കാർഡ് തയ്യാറാക്കി നൽകുന്ന വിഷയത്തിൽ ബഹു:വൈസ് ചാൻസിലറുടെ ഉത്തരവ് തേടുകയുണ്ടായി.

വിഷയം പരിഗണിച്ച ബഹു. വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊഫസർ, 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III 10(17) വകുപ്പ് പ്രകാരം, CPAS നു കീഴിലുള്ള തൊടുപുഴ എഞ്ചിനീയറിംഗ് കോളേജിലെ 2015 അഡ്മിഷൻ മുതലുള്ള ബി.ടെക്ക് വിദ്യാർത്ഥികൾക്ക് ഒന്ന് മുതൽ ഏഴ് വരെ സെമസ്റ്ററുകളുടെ ഗ്രേഡ് കാർഡിൽ SGPA യും എട്ടാം സെമസ്റ്ററിലെ ഗ്രേഡ് കാർഡുകളിൽ മാത്രം SGPA യും CGPA യും രേഖപ്പെടുത്തി തയ്യാറാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രമേഷ് നാരായണ്‍**
**അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്**
**രജിസ്ട്രാർക്കു വേണ്ടി**

**പകർപ്പ്:-**

1. **പ്രിൻസിപ്പാൾ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൊടുപുഴ.**
2. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
4. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/അക്കാദമിക്)
5. ഇ.ഐ XXXII/CETEX/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
6. **റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ**

**ഫയൽ നം.EI32/1/4967/CPAS-Gr.Cr/2018**

**ഉത്തരവിൻ പ്രകാരം**

Sasikala.

സെക്ഷൻ ഓഫീസർ